# LMS LPS
# മുളയറ

# അക്കാദമിക മാസ്റ്റർ 2025 - 2026

# സ്കൂളിനെക്കുറിച്ചുള്ള വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിൻറെ പേര് | : | LMS LPS മുളയറ |
| പഞ്ചായത്ത് | : | അരുവിക്കര |
| വാർഡ് | : | ഭഗവതിപുരം |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| വിദ്യാഭ്യാസ ഉപജില്ല | : | കാട്ടാക്കട |
| സ്ഥാപിത വർഷം | : | 1968 |

## എൽ.എം.എസ്. എൽ.പി.എസ്. മുളയറ

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025 - 2026

ആമുഖം

അരുവിക്കര, വെള്ളനാട്, പൂവച്ചൽ, വിളപ്പിൽ എന്നീ നാലു പഞ്ചായത്തുകളിലായാണ് മുളയറ എന്ന ഗ്രാമം സ്ഥിതി ചെയ്യുന്നത്. മുളയറ പ്രദേശത്തെ ഒരു സർക്കാർ എയ്ഡഡ് സ്കൂളാണ് എൽ.എം.എസ്. എൽ.പി.എസ് മുളയറ. മലയാളം മീഡിയവും ഇംഗ്ലീഷ് മീഡിയവും ക്ലാസുകൾ എൽ.കെ.ജി മുതൽ നാലാം സ്റ്റാൻഡേർഡുവരെ ഭംഗിയായി നടന്നുവരുന്നു. ഹെഡ്മിസ്ട്രസ് ശ്രീമതി ഗ്ലോറി ടീച്ചർ കൂടാതെ മൂന്ന് അധ്യാപകരും ഒരു അറബി അധ്യാപികയുമുണ്ട്. എൺപതോളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

പഠനപ്രവർത്തനങ്ങൾ ചിട്ടയായി നടത്തുന്നു. പഠനമികവുകൾ ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു. എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസ് പിറ്റി.എ യിൽ പഠനപുരോഗതി വിലയിരുത്തുന്നു. കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഇഷ്ടാനുസരണം പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനായി ഒരു പുസ്തകമേള സംഘടിപ്പിക്കുകയുണ്ടായി ഇംഗ്ലീഷ് ഭാഷയുടെ പരിപോഷണത്തിനായി ബുധനാഴ്ച ദിവസങ്ങളിൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ദിനാചരണങ്ങൾ നടത്തുകയും കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു.

മികച്ച രീതിയിൽ തന്നെ പ്രഭാതഭക്ഷണവും ഉച്ച ഭക്ഷണവും നൽകുന്നു. ഓരോ കുട്ടികൾക്കും ഓരോ സ്വയം നിർമ്മിത ഡിക്ഷനറി എന്ന ലക്ഷ്യത്തോടെ ഒരു ഡിക്ഷനറി നിർമ്മാണപ്രവർത്തനം നടന്നു വരുന്നു. നല്ല വ്യക്തിത്വമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ അധ്യാപകരും രക്ഷകർത്താക്കളും ഒത്തൊരുമയോടെ പ്രവർത്തിച്ചുവരുന്നു. കലാമത്സരങ്ങളിലും, മേളകളിലും, സ്കോളർഷിപ്പ് പരീക്ഷകളിലും പങ്കെടുപ്പിച്ച് മികച്ച പോയിൻറുകൾ നേടിയിട്ടുണ്ട്.

സ്കൂളിൻറെ അക്കാദമിക പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കുന്നുണ്ടെങ്കിലും സ്കൂളിൻറെ ഭൗതിക സാഹചര്യം തൃപ്തികരമല്ല. പഴയ സ്കൂൾ കെട്ടിടങ്ങളും ഷീറ്റിട്ട ക്ലാസ് റൂമുകളും ഓഫീസും, പൊട്ടി ഇളകുന്ന തരത്തിലുള്ള തറയും സ്കൂൾ അനുഭവിയ്ക്കുന്ന പൊതുപ്രശ്നങ്ങളാണ്. കൂടാതെ റോഡിൽ നിന്നും സ്കൂളിലേയ്ക്കു കയറുന്ന പടികെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തത് വലിയൊരു പ്രശ്നം തന്നെയാണ്. സ്മാർട്ട് ക്ലാസ്സ് റൂം ഇല്ലാത്തതുകാരണം ഐ.സി.റ്റി സാധ്യത പഠനത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

### അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൻറെ പൊതുവായ ലക്ഷ്യങ്ങൾ

1.കുട്ടികളുടെ വൈവിധ്യങ്ങളായ വൈഭവങ്ങൾ പൂർണതയിൽ എത്തിക്കുക.

2.കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതിൻറെ പൂർണതയിൽ എല്ലാ കുട്ടികളും ആർജ്ജിക്കുക.

3.കുട്ടികളിൽ പരസ്പരാശ്രയത്വത്തിൻറെയും സൗഹൃദത്തിൻറെയും മനോഭാവം വളർത്തുക.

4.കുട്ടികളെ മികച്ച വായനക്കാരാക്കുക.

5.കുട്ടികളിൽ ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മകചിന്തയും വികസിപ്പിക്കുക.

6.പഠനശേഷികളും പഠനമനോഭാവങ്ങളും വളർത്തുക.

7.നമ്മുടെ സംസ്ക്കാരത്തിന് യോജിച്ച് മുല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

8.എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക.

9.പാരിസ്ഥിക അവബോധം വളർത്തുക.

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## മേഖല : മലയാളം

ലക്ഷ്യങ്ങൾ

1 മലയാളം ഭാഷാശേഷികൾ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിൻറെ പൂർണതയിൽ എത്തിക്കുക

2 കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

3 മലയാള ഭാഷ പഠത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയിലുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

4 ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

5 മികച്ച വായനാ ശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക

6 മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക

7 മലയാള ഭാഷാ പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

8 മലയാള ഭാഷാ പഠനശേഷി വികസിപ്പിക്കുക!

9 പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.

10 സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് മലയാളഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക

11 ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക.

12 ക്ലാസ്സിക്കൽ കലകൾ ആസ്വദിക്കാനുള്ള ശേഷി നേടുക.

വിഷയം : മലയാളം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1 | കഥയരങ്ങ്, കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ, ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, പഠനസാമഗ്രികളായി ഇവ ഉപയോഗിക്കൽ | ദീർഘകാലം | 3-4 | 5,1 |
| 2 | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾബ്ലോഗിൽ ചേർക്കൽ | മാസത്തിൽ - 1 | 1-4 | 7 |
| 3 | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥ എന്നിവയുടെ നാടകാവിഷ്ക്കരണം | പ്രതിമാസം | 1-4 | 7 |
| 4 | പതിപ്പുകൾ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | 1-4 | 9 |
| 5 | Pre-test, അക്ഷരം, അടയാളം, ഉറപ്പിക്കൽ അക്ഷരക്കാർഡ് നൽകൽ, വാക്കുകൾ-വാക്യങ്ങൾ നിർമ്മാണം, അടിക്കുറിപ്പ്, കഥ പറയൽ, കഥ ബാക്കി എഴുതൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ, പിന്നാക്കകാർക്ക് പ്രത്യേക ക്ലാസ് | 2 മാസം (Aug-Sep) | 1-4 | 3,7 |
| 6 | വായനമൂല, Class library, school library നവീകരണം, വായനോത്സവം സംഘടിപ്പിക്കൽ, പത്ര വായന, അമ്മ വായന, വായനാനുഭവം പങ്കുവയ്ക്കൽ, വായനക്കുറിപ്പ്, ബാല സഭ, ദിനാചരണങ്ങൾ, വായനസാമഗ്രികൾ വികസിപ്പിക്കൽ, etc മികച്ച വായനക്കാരെ കണ്ടെത്തൽ | | 1-4 | 6 |
| 7 | വായനക്കുറിപ്പ്, ഇൻലൻറ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്, സർഗ്ഗ സ്രഷ്ടികൾ, ആസ്വാദനക്കുറിപ്പ്, etc | | 1-4 | 2,1,6,5,9 |
| 8 | മഹദ് വചനം, ആപ്ത വാക്യങ്ങൾ, ഗുണപാഠകഥകൾ | ആഴ്ചയിൽ ഒന്ന് | 1-4 | 15,16 |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
# മേഖല ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

01. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

02. ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. .

03. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷാ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

04. ലോക ഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ കഴിവ് നേടുക.

05. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.

06. ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

07. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ. ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക

08. ഇംഗ്ലീഷ് ഭാഷാ പഠനശേഷി വികസിപ്പിക്കുക.

09. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

വിഷയം : English

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1 | English ലുള്ള അസംബ്ലി | ആഴ്ചയിൽ ഒന്ന് | 1-4 | 71 |
| 2 | English Skit, Conversation, Drama, etc ഇവ സദസ്സിനുമുന്നിൽ അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് | 1-4 | 74, 68, 69 |
| 3 | ആഴ്ചയിലൊരിക്കൽ English Day ആചരിക്കുന്നു. | ആഴ്ചയിൽ 1 | 1-4 | 71 |
| 4 | English ലുള്ള ചിത്രകഥാക്കാർഡുകൾ വായന ക്കാർഡ്, പദക്കാർഡ്, ഇവ ആകർഷകമായി തയ്യാറാക്കി നൽകുന്നു. | 6 മാസം | 1-4 | 70 |
| 5 | Reading Cards, Sentence Card ഇവ തയ്യാറാക്കൽ | 3 മാസം | 1-4 | 70 |
| 6 | Sentence Making, Writing Descriptions | ആഴ്ചയിൽ 1 | 1-4 | 70 |
| 7 | Spoken English | | 1-4 | 71 |
| 8 | English Diary | | 1-4 | 71 |

# അക്കാദമിക്ക് മാസ്റ്റർ

## മേഖലാ : ശാസ്ത്രം

### ലക്ഷ്യങ്ങൾ

01. ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിൻറെ പൂർണതയിൽ എത്തിക്കുക.

02. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

03. ശാസ്ത്ര ചിന്ത, ശാസ്ത്ര ബോധം, ശാസ്ത്ര നൈപുണി, Enquiry Skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

04. ശാസ്ത്രപഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.

05. ശാസ്ത്രപഠനത്തിൽ ഐ. ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

06. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.

07. പാരിസ്ഥിതിക അവബോധം വളർത്തുക.

08. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

09. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക.

വിഷയം : ശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
| --- | --- | --- | --- | --- |
| 1 | സയൻസ് ക്ലബ്ബിലൂടെയുള്ള പരീക്ഷണ നിരീക്ഷണങ്ങൾ പ്രോജക്ടുകൾ | മാസത്തിൽ ഒന്ന് | 1-4 | 52, 55 |
| 2 | നിരീക്ഷണക്കുറിപ്പ്, പരീക്ഷണക്കുറിപ്പ് ഇവ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | 3-4 | 53, 55 |
| 3 | ശാസ്ത്ര പ്രദർശനങ്ങൾ | ആറുമാസം | 1-4 | 54, 55 |
| 4 | പരിസ്ഥിതിയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, വീഡിയോ പ്രദർശനം, ബുള്ളറ്റിൻ ബോർഡ്, ശാസ്ത്ര വാർത്തകൾ, പോസ്റ്ററുകൾ | 2 മാസം | 1-4 | 58, 60 |
| 5 | നാട്ടിലെ ജല സ്രോതസ്സുകൾ, കുന്നുകൾ, വയലുകൾ, ഡാമുകൾ, ഗീർത്തടങ്ങൾ എന്നിവ സന്ദർശിക്കുവാനവസരം | ആറുമാസം | 1-4 | 60 |
| 6 | പഠനയാത്രകൾ | ആറുമാസം | 1-4 | 60 |
| 7 | ഔഷധ സസ്യത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം | 2 മാസം | 1-4 | 58, 60 |
| 8 | പ്രകൃതി നടത്തം | June, July | 1-4 | 58, 60 |
| 9 | പരിസ്ഥിതി ദിനാചരണം | June | 1-4 | 58, 60 |
| 10 | Role Play റോഡ് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ, ശുചിത്വം | 6 മാസം | 1-4 | |
| 11 | ഗ്ലോബ്, ഭൂപട വായന | December, January | 1-4 | 52, 55 |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# മേഖല ഗണിത ശാസ്ത്രം

ലക്ഷ്യങ്ങൾ

01. ഗണിത ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക.

02. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

03. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

04. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പടുത്തുവാനുള്ള കഴിവ് നേടുക

05. ഗണിത പഠനത്തിൽ ഐ. ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക

06. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

വിഷയം : ഗണിത ശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1 | സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, അബാക്കസ്, സ്ഥാനവില പോക്കറ്റ്, കളിനോട്ട് | ആവശ്യാ നുസരണം | 1-4 | 19,20,25 |
| 2 | ഗണിത ക്വിസ്, പസ്സിലുകൾ, മനക്കണക്കുകൾ, കുസൃതിക്കണക്കുകൾ, പാറ്റേണുകൾ | മാസത്തിൽ ഒന്ന് | 1-4 | 21,25 |
| 3 | ഗണിതപ്പാട്ടുകൾ, ഗണിതച്ചൊല്ലുകൾ | മാസത്തിൽ ഒന്ന് | 1-4 | 25 |
| 4 | ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ, ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രം വര | മൂന്നുമാസം | 1-4 | 25 |
| 5 | ഗണിത പ്രോജക്ട് - വീടുകളിലെ വരവ് ചെലവ് കണക്കാക്കൽ Shop List | മൂന്നുമാസം | 3-4 | 28,33,34 |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# മേഖല കലാ കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

01. കുട്ടികളിലെ കലാപരമായ കഴിവുകൾ വളർത്തുന്നതിന്
02. മാനസികമായ ഉല്ലാസത്തിനും വളർച്ചയ്ക്കും
03. ശരീരികമായ വളർച്ചയ്ക്ക്
04. വ്യായാമ മുറകൾ പരിശീലിക്കുന്നതിന്
05. ശരീരിക അവയവങ്ങളുടെ ശരിയായ വളർച്ചയ്ക്ക്

വിഷയം : കലാ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് |
|---|---|---|---|
| 1 | Zumba Dance | ആഴ്ചയിൽ രണ്ട് | 1-4 |
| 2 | Yoga | മാസത്തിൽ ഒന്ന് | 1-4 |
| 3 | വ്യായാമ മുറകൾ | ആഴ്ചയിൽ രണ്ട് | 1-4 |
| 4 | ക്രാഫ്റ്റ്, തയ്യൽ പരിശീലനം | മാസത്തിൽ ഒന്ന് | 1-4 |